**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 659** **30-01-2024 - ൽ മറുപടിയ്ക്ക്**

**വ്യവസായ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വ്യവസായ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദമാക്കുമോ; | (എ) | കേരളത്തിന്റെ സാമ്പത്തിക വളർച്ച പ്രധാനമായും സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ വികസനവുമായി ബന്ധപ്പെട്ടതാണ്. ഈ മേഖലയിൽ ഉല്പാദനവും തൊഴിലും വർദ്ധിപ്പിക്കുന്നതിനുള്ള വിവിധ പദ്ധതികൾ വ്യവസായ വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. സർക്കാർ പദ്ധതികൾ വഴി സാമ്പത്തിക സഹായങ്ങൾ നല്കുന്നതിലുപരി, സംരംഭകർക്ക് ആവശ്യമായ വിവിധ സേവനങ്ങളും ഉപദേശങ്ങളും നൽകുന്ന ഒരു ഫെസിലിറ്റേറ്റർ എന്ന നിലയിലും വകുപ്പിന്റെ പ്രവർത്തനം മാറിക്കൊണ്ടിരിക്കുന്നു. സംരംഭകർക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി നൽകിയും, വ്യവസായം തുടങ്ങാൻ ആവശ്യമായ അനുമതികൾ സമയബന്ധിതമായി നല്കുകയും വഴി കേരളത്തെ മികച്ച നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റി കൊണ്ടിരിക്കുന്നു.<br><br>കേരളത്തിലെ സൂക്ഷ്മ-ചെറുകിട- ഇടത്തരം സംരംഭങ്ങളുടെ വികസനം ലക്ഷ്യമാക്കിക്കൊണ്ട് കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ ആക്ട് 2018 നിലവിലുണ്ട്. വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് ഒരു സംരംഭത്തിനാവശ്യമായ എല്ലാ ലൈസൻസുകളും ക്ലിയറൻസുകളും ഓൺലൈൻ ഏകജാലക സംവിധാനത്തിലൂടെ ലഭ്യമാക്കുന്നതിന് K-SWIFT സോഫ്റ്റ് വെയർ നിലവിലുണ്ട്.<br><br>2019-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്ട് പ്രകാരം സംസ്ഥാന നിയമങ്ങൾ പ്രകാരമുള്ള അനുമതികളിൽ നിന്ന് പുതിയതായി ആരംഭിക്കുന്ന, മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവപ്പ് വിഭാഗത്തിൽ പെടാത്ത, സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളെ മൂന്ന് വർഷത്തേക്ക് ഒഴിവാക്കിയിട്ടുണ്ട്. |

നിക്ഷേപം സംബന്ധിച്ച് സംരംഭകൻ സമർപ്പിക്കുന്ന സ്വയം സാക്ഷ്യപത്രം, ഓൺ ലൈൻ (കെ-സ്വിഫ്റ്റ്) മുഖാന്തിരം സ്വീകരിച്ച് ഭൗതിക പരിശോധന ഇല്ലാതെ ഉടൻ തന്നെ ജില്ലാ ഏകജാലക ക്ലിയറൻസ് ബോർഡ് കൈപ്പറ്റ് സാക്ഷ്യപത്രം നൽകുന്നു. ലഭിക്കുന്ന കൈപ്പറ്റ് സാക്ഷ്യപത്രത്തിന് മൂന്ന് വർഷമാണ് കാലാവധി. മൂന്ന് വർഷത്തിന് ശേഷം 6 മാസത്തിനകം അനുമതികൾ സംരംഭകൻ കരസ്ഥമാക്കിയാൽ മതിയാകുന്നതാണ്.

സംരഭകർക്കാവശ്യമായ സഹായങ്ങൾ നൽകുന്നതിലേക്കായി ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ സെല്ലുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങളുടെ പ്രശ്ന പരിഹാരത്തിനായി കെ.എസ്.ഐ.ഡി.സി-യുടെ നേതൃത്വത്തിൽ ഒരു കാൾ സെന്റർ പ്രവർത്തനം ആരംഭിച്ചു.

സേവനങ്ങളും മറ്റു വിവരങ്ങളും സംരംഭകരിൽ എത്തിക്കുന്നതിനായി വിവിധ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിൽ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് പേജ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. വിവിധ വകുപ്പുകളുടെ പരിശോധനകൾ ഏകീകരിക്കുന്നതിനായി K-CIS(Kerala Centralised Inspection System) സംവിധാനം നിലവിൽ വന്നിട്ടുണ്ട്.

ജില്ലാ വ്യവസായ കേന്ദ്രങ്ങൾ കേന്ദ്രീകരിച്ചു വ്യവസായികളുടെ/സംരംഭകരുടെ സംശയ ദൂരീകരണത്തിനായി വിദഗ്ധരുടെ പാനൽ സജ്ജമാക്കി, എം.എസ്.എം.ഇ ക്ലിനിക്ക് പദ്ധതി ആരംഭിച്ചിട്ടുണ്ട്. വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന പരാതികൾ പരിഹരിക്കുന്നതിനായി പരാതി പരിഹാര സംവിധാനം (Grievance Redressal System) നിലവിൽ വന്നിട്ടുണ്ട്.

കേരളത്തിൽ നിർമ്മിക്കപ്പെടുന്ന ഉൽപ്പന്നങ്ങളുടെ ഗുണമേന്മ സാക്ഷ്യപ്പെടുത്തുന്നതിനും ദേശീയ അന്തർദേശീയ വിപണികൾ പ്രാപ്തമാക്കുന്നതിന് അവയെ സഹായിക്കുന്നതിനുമായി കേരള ബ്രാൻഡ് സംവിധാനം ആരംഭിക്കുന്നതിനുള്ള നടപടികളും, സംസ്ഥാനത്തെ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളുടെ ഉല്പന്നങ്ങൾ വിപണനം ചെയ്യാനായി Open Network for Digital Commerce (ONDC) യുടെ നെറ്റ് വർക്കിൽ സംരംഭങ്ങളെ ഓൺബോർഡ് ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| | | | എല്ലാ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്കും 5 വർഷത്തേയ്ക്ക് 6% പലിശ സബ്സിഡി നൽകിക്കൊണ്ട് കുറഞ്ഞ പലിശയ്ക്ക് വായ്പ നൽകുവാൻ ഒരു കുടുംബം ഒരു സംരംഭം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.<br><br>കേരള സർക്കാർ 2022-23 സാമ്പത്തിക വർഷം "സംരംഭക വർഷം" ആയി പ്രഖ്യാപിച്ചിരുന്നു. ഒരു വർഷം കൊണ്ട് ഒരു ലക്ഷം പുതിയ വ്യവസായ സംരംഭങ്ങൾ സംസ്ഥാനത്തു തുടങ്ങുക എന്ന ലക്ഷ്യമിട്ട് നടപ്പാക്കിയ സംസ്ഥാന സർക്കാരിന്റെ സംരംഭക വർഷം പദ്ധതി, 2022-23 സാമ്പത്തിക വർഷം 139,840 പുതിയ സംരംഭങ്ങൾ ആരംഭിച്ചുകൊണ്ടും അതിലൂടെ 3 ലക്ഷത്തിലധികം തൊഴിലവസരങ്ങൾ സൃഷ്ടിച്ചുകൊണ്ടും ചരിത്ര വിജയം കൈവരിച്ചു.<br><br>സംരംഭക വർഷത്തിന്റെ വിജയം കണക്കിലെടുത്ത്, 2023-24 സാമ്പത്തിക വർഷവും സംരംഭകവർഷത്തിന്റെ ഭാഗമായി നടത്തിയിരുന്ന പദ്ധതികളെല്ലാം തുടർന്ന് കൊണ്ടു പോകുന്ന സംരംഭക വർഷം 2.0 എന്ന പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്.<br><br>പുതുതായി രൂപീകരിച്ച സംരംഭങ്ങളുടെ വിജയവും സുസ്ഥിരതയും ഉറപ്പാക്കുന്നതിന്റെ ഭാഗമായി സ്കെയിൽ അപ്പ് മിഷൻ പദ്ധതി, MSME ഇൻഷുറൻസ് പദ്ധതി എന്നിവ നടപ്പിലാക്കി വരുന്നു.<br><br>കേരളത്തിന് ഇണങ്ങുന്ന മേഖലകളിൽ നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കാനും സംസ്ഥാനത്തെ സാങ്കേതിക വൈദഗ്ധ്യമുള്ള മാനവ വിഭവശേഷിയെ ശരിയാംവണ്ണം വിനിയോഗിക്കാൻ കഴിയുന്ന ആധുനീക സ്മാർട്ട് വ്യവസായങ്ങൾക്ക് പ്രത്യേക പരിഗണന നൽകുവാനും, അതിലൂടെ ത്വരിതഗതിയിലുള്ള സ്ഥായിയായ വ്യവസായവത്കരണം സാധ്യമാക്കാനും ലക്ഷ്യമിടുന്ന കേരള വ്യവസായ നയം 2023 അംഗീകരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.<br><br>കൂടാതെ, വ്യവസായ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി വി-മിഷൻ പദ്ധതി, സീഡ് ഫണ്ട് അസിസ്റ്റന്റ്സ്, സ്കെയിൽ അപ്പ് സപ്പോർട്ട് എന്നീ പദ്ധതികൾ വഴി കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷൻ വായ്പ അനുവദിക്കുന്നുണ്ട്. |
| (ബി) | ഒരു വർഷം ഒരു ലക്ഷം സംരംഭങ്ങൾ പദ്ധതി | (ബി) | ഒരു വർഷം ഒരു ലക്ഷം സംരംഭങ്ങൾ പദ്ധതിയുടെ |

| | | | |
|---|---|---|---|
| | പ്രകാരം കൂത്തുപറമ്പ് മണ്ഡലത്തിൽ 2023 വർഷം എത്ര സംരംഭങ്ങൾ ആരംഭിച്ചുവെന്നും എത്ര പേർക്ക് തൊഴിൽ ലഭിച്ചുവെന്നും വിശദമാക്കുമോ; | | ഭാഗമായി കൂത്തുപറമ്പ് നിയോജകമണ്ഡലത്തിൽ 2022-23 വർഷത്തിൽ 1015 സംരംഭങ്ങൾ ആരംഭിക്കുകയും അതുവഴി 2127 തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്തു. 2023-24 വർഷത്തിൽ 24-01-2024 വരെ ആകെ 456 സംരംഭങ്ങൾ ആരംഭിക്കുകയും അതിലൂടെ 924 തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | പുതിയ സ്റ്റാർട്ടപ്പുകളെ പ്രോത്സാഹിപ്പിക്കുന്നതിന് എന്തൊക്കെ സഹായങ്ങളാണ് നൽകിവരുന്നതെന്ന് വിശദമാക്കുമോ? | (സി) | ഉൽപ്പാദന മേഖലയിലെ സ്റ്റാർട്ടപ്പുകൾക്ക് സാമ്പത്തിക സഹായം നൽകുക, പ്രാരംഭഘട്ടത്തിൽ തന്നെ ആവശ്യമായ സാമ്പത്തിക സഹായം ഉറപ്പാക്കുക എന്നീ ലക്ഷ്യങ്ങളോടെ, യോഗ്യമായ പദ്ധതി ചെലവിന്റെ (Project Cost) 75% (ഒരു യൂണിറ്റിന് പരമാവധി 10 ലക്ഷം രൂപ) സബ്സിഡിയായി നൽകുന്ന 'മാനുഫാക്ചറിംഗ് മേഖലയിലെ സ്റ്റാർട്ടപ്പുകൾക്കുള്ള സഹായ പദ്ധതി' എന്ന ഒരു പുതിയ പദ്ധതി സ്റ്റാർട്ടപ്പുകളെ പ്രോത്സാഹിപ്പിക്കുന്നതിനായി വ്യവസായ വകുപ്പ് ആവിഷ്കരിച്ചിട്ടുണ്ട് . ആദ്യഘട്ടമായി സ്റ്റാർട്ട് അപ്പ് ആശയം ഡെവലപ്പ് ചെയ്തതിന് ശേഷം പ്രോജക്ടിന്റെ 30% നൽകുന്നു. രണ്ടാം ഘട്ടമായി പ്രോട്ടോടൈപ്പ് ഡെവലപ്പ് ചെയ്തതിന് ശേഷം പ്രോജക്ടിന്റെ 50% നൽകുന്നു. മൂന്നാം ഘട്ടമായി വ്യാവസായിക അടിസ്ഥാനത്തിൽ ഉല്പാദനം ആരംഭിച്ച ശേഷം അവശേഷിക്കുന്ന 20% നൽകുന്നു. പദ്ധതി മാർഗനിർദേശങ്ങൾ സർക്കാർ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട് . അപേക്ഷകൾ സ്വീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു .<br><br>കൂടാതെ സീഡ് ഫണ്ട് അസ്സിസ്റ്റൻസ് വഴി കേരളത്തിലുടനീളമുള്ള സ്റ്റാർട്ടപ്പുകളെ പ്രോത്സാഹിപ്പിക്കുന്നതിനായി വിദ്യാർത്ഥികളടക്കമുള്ള യുവസംരംഭകരുടെ നൂതനവും വ്യാപാര യോഗ്യമായ സംരംഭങ്ങൾക്ക് കെ.എസ്.ഐ.ഡി.സി ഇരുപത്തഞ്ചുലക്ഷം രൂപവരെ മൂലധനസഹായം നൽകി വരുന്നു. സംരംഭം തുടങ്ങുന്നതിന് 25 ലക്ഷം രൂപ വരെ നിലവിൽ 6.75% പലിശനിരക്കിൽ നാല് വർഷത്തേയ്ക്ക് ഈടില്ലാതെ വായ്പ നൽകുന്നു. |

സെക്ഷൻ ഓഫീസർ